*"ഭരണഭാഷ–മാതൃഭാഷ"*

## <u>പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>

***വിഷയം:–*** ജീവനകാര്യം – പഞ്ചായത്ത് വകുപ്പ് – തമിഴ്/കന്നട ഭാഷാ ന്യൂനപക്ഷ പഞ്ചായത്തുകളിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്കുള്ള പ്രൊമോഷൻ – അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് – ഉത്തരവാകുന്നു.

***പരാമർശം:–*** (1) 13.10.1962–ലെ ജി.ഒ (എം.എസ്.) 500/62/പി ഡി നമ്പർ. ഉത്തരവ്.
(2) സർക്കാരിന്റെ 14.11.1986–ലെ 159625/എൻ1/85/ജി.എ.ഡി നമ്പർ സർക്കുലർ.
(3) ഈ ആഫീസിലെ 09.11..2010–ലെ ഇ8–28/2010 നമ്പർ ഉത്തരവ്
(4) ഈ ആഫീസിലെ 17.09.2012–ലെ നമ്പർ കത്ത്.
(5) ഈ ആഫീസിലെ 13.12.2012–ലെ ഇതേ നമ്പർ ഉത്തരവ്.
(6) ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 17.12.2012–ലെ എ2–12863/11 നമ്പർ കത്ത്.

***<u>ഉത്തരവ് നമ്പർ ഇ1 – 22156/2006 തീയതി: 24.12.2012</u>***

തമിഴ്/കന്നട ഭാഷാ ന്യൂനപക്ഷ പഞ്ചായത്തുകളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് ജൂനിയർ സൂപ്രണ്ടുമാരിൽ നിന്നും പരാമർശം (4) പ്രകാരം അപേക്ഷ ക്ഷണിക്കുകയും തമിഴ് ഭാഷാ ന്യൂനപക്ഷ പരീക്ഷ പാസ്സായ 15 ജൂനിയർ സൂപ്രണ്ടുമാരും കന്നട ഭാഷാ ന്യൂനപക്ഷ പരീക്ഷ പാസ്സായ 1 ജൂനിയർ സൂപ്രണ്ടും അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ജൂനിയർ സൂപ്രണ്ടുമാരുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ കരട് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ലിസ്റ്റിൻമേലുള്ള ആക്ഷേപങ്ങൾ ക്ഷണിച്ച് പരാമർശം (5) പ്രകാരം ഉത്തരവാകുകയുണ്ടായി.

ഇടുക്കി ജില്ലാ പഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് ശ്രീ.പി.എ.അനീബക്കുട്ടി കരട് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് പരാമർശം (6) പ്രകാരം ആക്ഷേപം നൽകിയിട്ടുണ്ട്. ടിയാൻ തമിഴ് ഭാഷാ ന്യൂനപക്ഷ പരീക്ഷ പാസ്സായ സർട്ടിഫിക്കറ്റും അപേക്ഷയും സമർപ്പിച്ചിട്ടുള്ളതിനാൽ ടിയാനെക്കൂടി ലിസ്റ്റിൽ ഉൾപ്പെടുത്തിയും കരട് സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ 1 ആയി ഉൾപ്പെടുത്തിയിരുന്ന ശ്രീ.എസ്.രാമനുണ്ണി ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് റെഗുലർ പ്രൊമോഷൻ നേടിയതിനാൽ ടിയാനെ ഒഴിവാക്കിയും തമിഴ്/കന്നട ഭാഷാ ന്യൂനപക്ഷ പഞ്ചായത്തുകളിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്കുള്ള പ്രൊമോഷന് അർഹരായവരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

***തമിഴ് ഭാഷാ ന്യൂനപക്ഷ പരീക്ഷ പാസ്സായ ജൂനിയർസൂപ്രണ്ടുമാരുടെ സീനിയോറിറ്റി ലിസ്റ്റ്***

| ***ക്രമ നമ്പർ*** | ***പേര്*** | ***സീനിയോറിറ്റി നമ്പർ*** | |
|---|---|---|---|
| | | ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ സീനിയോറിറ്റി നമ്പർ | ഹെഡ്ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി നമ്പർ |
| 1. | വി.മദനമോഹനൻ | 3630 | |
| 2. | കെ.ജെ.ജോസഫ് | 3653 | |
| 3. | കെ.മായാണ്ടി | | 2811 |
| 4. | എം.മൊയ്ദുണ്ണിക്കുട്ടി | | 2930 |
| 5. | എം.എസ്. രവി | | 2940 |
| 6. | ഡി.വിക്ടർ രാജ് | | 3003 |
| 7. | പി.എ.നൗഷാദ് | | 3022 |
| 8. | കെ.സി.ഫിലിപ്പോസ് | | 3105 |
| 9. | എം.സ്റ്റീഫൻ | | 3142 |
| 10. | കെ.ആർ.ബെന്നി | | 3190 |
| 11. | സി.എസ്.നാസർ | | 3206 |
| 12. | പി.എ.അനീബക്കുട്ടി | | 3223 |
| 13. | കെ.ജി.രാജേന്ദ്രൻ | | 3228 |
| 14. | ജോജോസ് ബൈജു | | 3239 |
| 15. | കെ.ശ്രീകണ്ഠൻ നായർ | | 3265 |

***കന്നട ഭാഷാ ന്യൂനപക്ഷ പരീക്ഷ പാസ്സായ ജൂനിയർസൂപ്രണ്ടുമാരുടെ സീനിയോറിറ്റി ലിസ്റ്റ്***

| *ക്രമ നമ്പർ* | *പേരും ഓഫീസും* | *ഹെഡ്ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി നമ്പർ* |
|---|---|---|
| 1 | എ.ആർ.പ്രശാന്ത് കുമാർ | 3166 |

ഈ സീനിയോറിറ്റി ലിസ്റ്റ് www.lsg.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

*(ഒപ്പ്)*
*എസ്.ലളിതാംബിക ഐ.എ.എസ്.*
*പഞ്ചായത്ത് ഡയറക്ടർ*

*പകർപ്പ്:*

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടറുടെ/അഡീഷണൽ ഡയറക്ടറുടെ സി.എ യ്ക്ക്
ഭരണ വിഭാഗം/വികസന വിഭാഗം ജോയിന്റ് ഡയറക്ടറുടെ സി.എ യ്ക്ക്
കരുതൽ /അധികം

*ഉത്തരവിൻ പ്രകാരം*

*സൂപ്രണ്ട്*

ഐ.കെ